"ഭരണഭാഷ - മാതൃഭാഷ"

നമ്പർ: PC1-11715/17

സാമൂഹ്യ നീതി ഡയറക്ടറേറ്റ്,
വികാസ് ഭവൻ, തിരുവനന്തപുരം,
തീയതി: 15.02.2017.
Email : swdkerala@gmail.com
Phone: 0471 - 2306040.

സാമൂഹ്യ നീതി ഡയറക്ടർ,
തിരുവനന്തപുരം.

സൂപ്രണ്ട്,
ചിൽഡ്രൻസ് ഹോം (ആൺകുട്ടികൾ). (കോഴിക്കോട്, വയനാട് ജില്ലകളൊഴികെ)

സർ,

വിഷയം: സാമൂഹ്യ നീതി വകുപ്പ് - പ്ലാനിംഗ് സെൽ - എല്ലാ ജില്ലകളിലും ആഫ്റ്റർ കെയർ ഹോമുകൾ സ്ഥാപിക്കുന്നത് - സംബന്ധിച്ച്:

സൂചന:-

സമൂഹത്തിൽ ശ്രദ്ധയും പരിചരണവും ആവശ്യമുള്ള എല്ലാ പ്രായത്തിലെയും കുട്ടികളുടെ സംരക്ഷണവും പുനരധിവാസവും ഉറപ്പുവരുത്തുന്നതിന് അതാതു സർക്കാറുകൾ ബാദ്ധ്യസ്ഥരാണെന്ന് ബാലനീതി നിയമം ഉൾപ്പെടെയുള്ള എല്ലാ ശിശു സംരക്ഷണ നിയമങ്ങളും അനുശാസിക്കുന്നുണ്ട്. നിലവിൽ 18 വയസ്സിനു താഴെ പ്രായമുള്ള കുട്ടികളെ സംരക്ഷിക്കുന്നതിനും അവർക്ക് പഠന സൗകര്യങ്ങൾ നൽകുന്നതിനുമായി വിവിധ ജില്ലകളിലായി സർക്കാർ ഹോമുകളുണ്ട്. കൂടാതെ 18 വയസ്സിനു മുകളിൽ പ്രായമുള്ള പെൺകുട്ടികൾക്ക് സുരക്ഷിതത്വവും തൊഴിൽ സാധ്യതയും ലഭ്യമാക്കുന്നതിന് മഹിളാ മന്ദിരം, ആഫ്റ്റർ കെയർ ഹോം എന്നീ സംവിധാനങ്ങൾ നിലവിലുണ്ട്. എന്നാൽ ബാലനീതി സ്ഥാപനങ്ങളിൽ താമസിച്ച് 18 വയസ്സ് പൂർത്തിയാകുന്നവർക്ക് അതിന് ശേഷവും സമൂഹത്തിൽ ഉത്തമ പൗരൻമാരായി ജീവിക്കുന്നുവെന്ന് ഉറപ്പു വരുത്തേണ്ട ചുമതല നമുക്കുണ്ട്. വിദ്യാഭ്യാസം പൂർത്തീകരിക്കുക, ആവശ്യമായ തൊഴിൽ നൈപുണ്യം കരസ്ഥമാക്കുക, സ്വന്തമായി വരുമാന മാർഗ്ഗം കണ്ടെത്തുക എന്നിവയ്ക്ക് ഊന്നൽ നൽകുന്നതിന് ആവശ്യമായ പദ്ധതി പ്രവർത്തനങ്ങൾ അടുത്ത സാമ്പത്തിക വർഷം മുതൽ അനുവദിക്കുന്നുണ്ട്. ഈ ഉദ്ദേശത്തോടെ സംസ്ഥാനത്തെ എല്ലാ ജില്ലകളിലും 18 വയസ്സിന് മുകളിലുള്ള ആൺകുട്ടികൾക്ക് ആഫ്റ്റർ കെയർ ഹോം സ്ഥാപിക്കുന്നതിന് തീരുമാനിച്ചിട്ടുണ്ട്. ആദ്യ

AN

പടിയായി തിരുവനന്തപുരം ജില്ലയിൽ പൈലറ്റ് പ്രോഗ്രാം അടിസ്ഥാനത്തിൽ പദ്ധതി നടപ്പിലാക്കുന്നതാണ്.

പ്രസ്തുത സാഹചര്യത്തിൽ നിലവിൽ സർക്കാർ ചിൽഡ്രൻസ് ഹോമിലുള്ള 16 വയസ്സിനു (01.01.2017 തീയതി അടിസ്ഥാനത്തിൽ) മുകളിൽ പ്രായമുള്ള ആൺകുട്ടികളുടെ വിവരങ്ങൾ നിശ്ചിത പ്രൊഫോർമ പ്രകാരം അഞ്ച് ദിവസത്തിനകം സമർപ്പിക്കുന്നതിന് നിർദ്ദേശിക്കുന്നു. പ്രൊഫോർമ ചുവടെ ചേർക്കുന്നു.

## പ്രൊഫോർമ

| ക്രമ നം. | പേര് | ജനന തീയതി, വയസ്സ് (01.01.2017) | ഇപ്പോൾ പഠിക്കുന്ന ക്ലാസ്/ കോഴ്സ് | കുടുംബ പശ്ചാത്തലം | ആഫ്റ്റർ കെയർ സംവിധാനം ആവശ്യമാണോ ആയതു സംബന്ധിച്ച വിവരം | ആഫ്റ്റർ കെയർ സർവ്വീസ് ആവശ്യമാണെന്ന് ശുപാർശ നൽകുന്നതിനുള്ള കാരണങ്ങൾ |
|---|---|---|---|---|---|---|
| | | | | | | |

വിശ്വസ്തതയോടെ

സാമൂഹ്യനീതി ഡയറക്ടർക്കു വേണ്ടി

AN